മാരാരിക്കുളം, ചാരുംമൂട് എന്നിവിടങ്ങളിൽ എക്സൈസ് റേഞ്ച് ആഫീസുകൾ

47 [1877] *ശ്രീ. ടി. കെ. ദേവകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം, ചാരുംമൂട് എന്നിവിടങ്ങളിൽ പുതിയ എക്സൈസ് റേഞ്ച് ആഫീസുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിൽ എത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) & (ബി) മാരാരിക്കുളം, ചാരുംമൂട് എന്നിവിടങ്ങളിൽ പുതിയ എക്സൈസ് റേഞ്ച് ആഫീസുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശമൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ആരംഭിച്ച ബാർ ഹോട്ടലുകളും വിദേശമദ്യവില്പന കേന്ദ്രങ്ങളും

48 [1878] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശമദ്യം ചില്ലറ വില്പന നടത്തുന്നത് ഏതെല്ലാം ഏജൻസികൾ മുഖേനയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവയ്ക്ക് ഓരോന്നിനും ഓരോ ജില്ലയിലും എത്ര വില്പന കേന്ദ്രങ്ങൾ വീതമാണുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബാർ ഹോട്ടലുകളുടെ എണ്ണം ജില്ല തിരിച്ച് വിശദമാക്കുമോ;

(ഡി) ഇപ്പോഴത്തെ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ആരംഭിച്ച ബാർ ഹോട്ടലുകളും വിദേശമദ്യവില്പന കേന്ദ്രങ്ങളും സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) 2004 ഏപ്രിൽ 1 മുതൽ 2005 മാർച്ച് 31 വരെ കാലയളവിൽ സംസ്ഥാനത്ത് വിറ്റഴിച്ച വിദേശ മദ്യത്തിന്റെയും ബീയർ പാർലറുകൾവഴിയും അല്ലാതെയും വിറ്റഴിച്ച ബീയറിന്റെയും വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനും കേരള സംസ്ഥാന കൺസ്യൂമർ ഫെഡറേഷനും മുഖേന.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജില്ലതിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു:

ജില്ല	ബിവറേജസ് കോർപ്പറേഷന്റെ വിൽപന ശാലകൾ	കൺസ്യൂമർ ഫെഡറേഷന്റെ വിൽപനശാലകൾ
തിരുവനന്തപുരം	32	6
കൊല്ലം	30	3
പത്തനംതിട്ട	13	1
ആലപ്പുഴ	22	2
കോട്ടയം	28	4
ഇടുക്കി	26	2
എറണാകുളം	43	8
തൃശ്ശൂർ	24	4
പാലക്കാട്	25	4
മലപ്പുറം	11	1
കോഴിക്കോട്	17	4
വയനാട്	10	1
കണ്ണൂർ	14	4
കാസർഗോഡ്	10	1
ആകെ	305	45

(സി)

ജില്ല	എണ്ണം
(1)	(2)
തിരുവനന്തപുരം	63
കൊല്ലം	39
പത്തനംതിട്ട	16
ആലപ്പുഴ	21
കോട്ടയം	54
ഇടുക്കി	24
എറണാകുളം	125
തൃശ്ശൂർ	88

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
പാലക്കാട്	21
മലപ്പുറം	18
കോഴിക്കോട്	20
വയനാട്	9
കണ്ണൂർ	17
കാസർഗോഡ്	4
മൊത്തം	519

(ഡി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച ബാർ ഹോട്ടലുകളുടെയും വിദേശമദ്യവില്പന കേന്ദ്രങ്ങളുടെയും ജില്ലതിരിച്ചുള്ള കണക്ക് താഴെപ്പറയുംപ്രകാരമാണ്:

ജില്ല	*ബാർ ഹോട്ടലുകളുടെ എണ്ണം*	*വിദേശ മദ്യഷാപ്പുകളുടെ എണ്ണം*
തിരുവനന്തപുരം	9	15
കൊല്ലം	4	10
പത്തനംതിട്ട	1	5
ആലപ്പുഴ	3	6
കോട്ടയം	1	10
ഇടുക്കി	1	14
എറണാകുളം	13	6
തൃശ്ശൂർ	11	12
പാലക്കാട്	6	10
മലപ്പുറം	1	2
കോഴിക്കോട്	6	3
വയനാട്	ഇല്ല	3
കണ്ണൂർ	4	5
കാസർഗോഡ്	ഇല്ല	5

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 2004 ഏപ്രിൽ 1 മുതൽ 2005 മാർച്ച് 31 വരെയുള്ള കാലയളവിൽ 108.97 ലക്ഷം കെയ്സ് വിദേശമദ്യവും 37.99 ലക്ഷം കെയ്സ് ബീയറും വിറ്റിട്ടുണ്ട്.

ലോട്ടറി സമ്മാനത്തുക ട്രഷറികളിൽ കെട്ടിവയ്ക്കൽ

49 [1879] *ശ്രീ. വി. ജെ. പൗലോസ്:*
,, *എം. കെ. പോൾസൺ മാസ്റ്റർ:*
,, *സി. പി. മുഹമ്മദ്:*
,, *ജി. പ്രതാപവർമ്മ തമ്പാൻ:*
,, *എം. എം. ഹസ്സൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി നിരോധനം അവസാനിപ്പിച്ച് ലോട്ടറി പുനരാരംഭിച്ചശേഷം നടത്തിയ ഏതെല്ലാം അന്യസംസ്ഥാന ലോട്ടറികൾക്ക് ലഭിച്ച സമ്മാനം അവകാശപ്പെടാൻ ആളില്ലാതെവന്നു;

(ബി) അപ്രകാരമുള്ള സമ്മാനത്തുക ബന്ധപ്പെട്ട ലോട്ടറി അധികാരസഹർ ഗവൺമെന്റ് ട്രഷറികളിൽ കെട്ടിവയ്ക്കുമോ;

(സി) അപ്രകാരം തുക കെട്ടിവയ്ക്കാത്ത ലോട്ടറികളുടെമേൽ എന്തെല്ലാം നടപടികൾ എടുത്തുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ)–(സി) അന്യസംസ്ഥാന ഭാഗ്യക്കുറി സമ്മാനങ്ങളെപ്പറ്റിയുള്ള വിശദാംശങ്ങൾ ലഭ്യമല്ല.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് മഴവെള്ള സംഭരണം

50 [1880] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന്, മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഗവൺമെന്റ് സെക്രട്ടേറിയറ്റ്, മെഡിക്കൽ കോളേജ് തുടങ്ങിയ ഗവൺമെന്റ് സ്ഥാപനങ്ങളിൽ മഴവെള്ളം ശേഖരിച്ച് ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly